## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5245 24.10.2011 -ൽ മറുപടിക്ക്

### സ്കൂൾ വാഹനങ്ങളുടെ തൽസമയ വിവരങ്ങൾ അറിയുന്നതിന് ജി.പി.എസ് ഏർപ്പെടുത്തുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. പി.സി. വിഷ്ണുനാഥ് | | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) സ്കൂൾ വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന വാഹനങ്ങളിലുണ്ടാകുന്ന അപകടം തടയുന്നതിനായി സ്കൂൾ വാഹനങ്ങളുടെ വിശദവിവരങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (എ) | പോലീസും മോട്ടോർ വാഹന വകുപ്പും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന വാഹനങ്ങളുടെയും കുട്ടികളുടെയും വിവരം അതാത് സ്കൂൾ അധികൃതരും പി.റ്റി.എ.യും സൂക്ഷിക്കണമെന്ന് മോട്ടോർ വാഹന വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ എവിടെനിന്നൊക്കെയാണ് ഇങ്ങനെ വിവരങ്ങൾ ശേഖരിക്കാൻ ഉദ്ദേശിക്കുന്നത് ; | (ബി) | സ്കൂൾ അധികൃതരിൽ നിന്നും പി.റ്റി.എ പ്രതിനിധികളിൽ നിന്നുമാണ് വിവരങ്ങൾ ശേഖരിക്കാൻ ഉദ്ദേശിക്കുന്നത് |
| (സി) സ്കൂൾ വാഹനങ്ങളുടെ തൽസമയ വിവരങ്ങൾ അറിയുന്നതിന് ജി.പി.എസ് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | (സി) | നിലവിൽ സ്കൂൾ വാഹനങ്ങളിൽ ജി.പി.എസ്.ഏർപ്പെടുത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ട്. എന്നിരുന്നാലും ആവശ്യമെങ്കിൽ ജി.പി.എസ്. ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ